# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
## തിരുവനന്തപുരം -695033

നമ്പർ-ബി1/45034/2021/സം.തി.ക | തീയതി- 27.07.2021

വിഷയം: കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് - സെക്ടറൽ ഓഫീസർമാർ മുഖേന പോളിംഗ് സാധനങ്ങളുടെ വിതരണവും തിരികെ സ്വീകരിക്കലും – മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: കമ്മീഷന്റെ 16.07.2021 തീയതിയിലെ ബി1/45034/2021 സം.തി.ക നമ്പർ ഉത്തരവ്.

## സർക്കുലർ

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് സാധനങ്ങളുടെ വിതരണവും പോളിംഗിന് ശേഷം അവ തിരികെ സ്വീകരിക്കുന്നതും സംബന്ധിച്ച് സൂചന 1 പ്രകാരം കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അവ സംബന്ധിച്ച അധിക നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- ❖ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേക്കുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളും (റിസർവ് ഉൾപ്പെടെ), മറ്റ് പോളിംഗ് സാധനങ്ങളും വോട്ടെടുപ്പിന് 10 ദിവസം മുമ്പ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ബന്ധപ്പെട്ട വരണാധികാരികൾക്ക് കൈമാറേണ്ടതാണ്.
- ❖ വരണാധികാരികൾ പോളിംഗ് സാധനങ്ങൾ ലഭിച്ചാലുടൻ ഓരോ ബൂത്തിലും ആവശ്യമുള്ള സാധനങ്ങൾ പ്രത്യേകം സഞ്ചികളിലാക്കി അതാത് തദ്ദേശസ്ഥാപനങ്ങളിലെ വിതരണ കേന്ദ്രങ്ങളിൽ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
- ❖ വരണാധികാരി വോട്ടെടുപ്പിന് രണ്ട് ദിവസം മുമ്പ് തന്നെ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ കാൻഡിഡേറ്റ് സെറ്റിംഗ് പൂർത്തിയാക്കി വിതരണ കേന്ദ്രത്തിലെ സ്ട്രോംഗ് റൂമിൽ സൂക്ഷിക്കണം.
- ❖ വോട്ടെടുപ്പിന് ഒരാഴ്ച മുമ്പ് വരണാധികാരിയും ഉപവരണാധികാരിയും പോളിംഗ് സ്റ്റേഷനുകൾ സന്ദർശിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണെന്ന് ഉറപ്പാക്കണം.